**ശ്രദ്ധക്ഷണിക്കൽ**

## 1. പ്രീപ്രൈമറി ജീവനക്കാരുടെ പ്രശ്നങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പ്രീപ്രൈമറി മേഖലയിലെ പ്രധാനപ്പെട്ട ചില വിഷയങ്ങൾ സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ശ്രമിക്കുന്നത്. പൊതുവിദ്യാലയങ്ങളിലെ പ്രീപ്രൈമറി വിഭാഗം ജീവനക്കാരുടെ നിയമനങ്ങളും സംസ്ഥാനത്ത് പൊതുവിൽ നിയമനം നടക്കാത്ത സാഹചര്യം സംബന്ധിച്ചും വളരെ ശ്രദ്ധയോടുകൂടി ഗവൺമെന്റ് ഇടപെടൽ നടത്തണമെന്നാണ് എനിക്ക് ഇവിടെ രേഖപ്പെടുത്താനുള്ളത്. മൂന്ന് മുതൽ അഞ്ച് വയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം നിർവ്വഹിക്കുന്ന മേഖലയാണ് പ്രീപ്രൈമറി. കേരളത്തിലെ ഏറെക്കുറെ എല്ലാ പ്രൈമറി വിദ്യാലയങ്ങൾക്കൊപ്പവും ഇന്ന് പ്രീപ്രൈമറി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ, ഇതിൽ കേവലം 2115 പ്രീപ്രൈമറി സ്ഥാപനങ്ങളെയാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. 2012 ജൂലൈ മാസത്തിനുമുൻപ് സ്ഥാപിതമായ പ്രീപ്രൈമറി സ്ഥാപനങ്ങൾക്ക് നിലവിൽ അംഗീകാരമില്ല. ഈ സ്ഥാപനങ്ങളിൽ 30 വിദ്യാർത്ഥികൾക്ക് ഒരു ടീച്ചറും

ഒരു ആയയും സർക്കാർ വേതനം വാങ്ങി ജോലി ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഇവർക്കുള്ള വേതനം വളരെ ചെറുതാണ്. ടീച്ചർക്ക് 10,500 രൂപയും ആയയ്ക്ക് 6500 രൂപയുമാണ് നൽകുന്നത്. 2012-ന് ശേഷം സ്ഥാപിതമായതാണ് ബാക്കി പ്രീപ്രൈമറി സ്കൂളുകളെല്ലാം. സ്കൂൾ അദ്ധ്യാപക-രക്ഷകർത്തൃ സമിതിയാണ് ഇവ സ്ഥാപിച്ചിട്ടുള്ളത്. രക്ഷകർത്തൃ സമിതിയുടെ നേതൃത്വത്തിൽ അവിടെ ജോലി ചെയ്യുന്ന അദ്ധ്യാപകർക്കും ആയമാർക്കുമെല്ലാം കുട്ടികളിൽനിന്ന് ചെറിയ തോതിൽ ഫീസ് ഈടാക്കി നൽകാൻ തീരുമാനിച്ചു. അദ്ധ്യാപകർക്കും ആയമാർക്കും നാമമാത്രമായ വേതനമാണ് നൽകുന്നത്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന പ്രീപ്രൈമറി അദ്ധ്യാപകർക്ക് വിദ്യാഭ്യാസ വകുപ്പ് കാലാകാലങ്ങളിൽ നടത്തുന്ന പരിശീലനങ്ങളോ സംസ്ഥാന വിദ്യാഭ്യാസ പഠന ഗവേഷണ കൗൺസിൽ പ്രസിദ്ധീകരിക്കുന്ന കൈപുസ്തകങ്ങളോ ലഭ്യമല്ല. അത്തരം വിദ്യാലയങ്ങളിൽ രക്ഷകർത്തൃ സമിതിയുടെ നേതൃത്വത്തിൽ ചെറിയ തോതിലുള്ള ആനുകൂല്യങ്ങൾ കൊടുത്തുനടത്തുന്ന പ്രവർത്തനമാണ്. സ്കൂളിലെ കുട്ടികളുടെ പഠന നിലവാരത്തെ ബാധിക്കുന്ന വിഷയമാണ് യഥാർത്ഥത്തിൽ അത്തരം സ്ഥലങ്ങളിലുള്ളത്. ഡോ. ടി. എം. തോമസ് ഐസക്ക് അവതരിപ്പിച്ച

അവസാന ബഡ്ജറ്റിൽ 2012-നുശേഷം ആരംഭിച്ച പ്രീപ്രൈമറി വിഭാഗത്തെക്കൂടി അംഗീകരിക്കാനുള്ള നടപടികൾക്ക് നിർദ്ദേശമുണ്ട്. എന്നാൽ ഇതുവരെ അതിനുള്ള തീരുമാനമുണ്ടായതായി കാണുന്നില്ല. സർക്കാർ ഈ മേഖലയിലെ എല്ലാ വിദ്യാലയങ്ങളെയും അംഗീകരിക്കണം. എങ്കിൽ മാത്രമേ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ഈ മേഖലയെ ആകർഷകമാക്കാനും സാധിക്കുകയുള്ളൂ. കച്ചവട വിദ്യാഭ്യാസ ശക്തികൾ വലിയ തോതിൽ കയ്യടക്കിവച്ചിരിക്കുന്ന മേഖലയാണിത്. അശാസ്ത്രീയ വിദ്യാഭ്യാസമാണ് അവർ പ്രദാനം ചെയ്യുന്നത്. കുട്ടികൾക്ക് മാതൃഭാഷയിൽ പഠിക്കാനുള്ള ജന്മാവകാശം നിഷേധിക്കുന്നു. ഏതൊരു കുട്ടിയുടെയും ഭാഷാപരമായ ബുദ്ധി വികസിക്കണമെങ്കിൽ അവന്/അവൾക്ക് പരിചിതമായ മാതൃഭാഷയിൽ ബാല്യകാല വിഭ്യാഭ്യാസം ഉറപ്പാക്കണമെന്നാണ് ആധുനിക വിദ്യാഭ്യാസ മനഃശാസ്ത്രം അടിവരയിട്ട് പറയുന്നത്. നോം ചോംസ്കിയെപ്പോലുള്ള പണ്ഡിതർ അത് ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ട്. നമ്മുടെ പ്രീപ്രൈമറികളെ ഈ രൂപത്തിൽ മാറ്റം വരുത്തേണ്ടതാണെന്നാണ് എന്റെ വിനയപൂർവ്വമായ അഭ്യർത്ഥന. പണം കൊയ്യാനായി നടത്തുന്ന സ്ഥാപനങ്ങൾ ഈ കാഴ്ചപ്പാടിനെതിരായി

പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാർ 2020-ൽ പ്രസിദ്ധപ്പെടുത്തിയ വിദ്യാഭ്യാസ നയത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം വ്യാപിപ്പിക്കണമെന്ന് സൂചിപ്പിക്കുന്നുണ്ട്. മൂന്ന് വയസ് മുതൽ ശാസ്ത്രീയ വിദ്യാഭ്യാസം കുട്ടികൾക്ക് ലഭിക്കണം. പ്രീപ്രൈമറിയിൽ പഠിച്ചുതുടങ്ങുന്ന വിദ്യാർത്ഥിക്ക് സ്കൂൾ അനുഭവം തീരെ ചെറിയ പ്രായത്തിൽ ലഭിക്കുന്നതിനാൽ കൊഴിഞ്ഞുപോക്ക് തീരെ കുറവാകും തുടങ്ങിയ നിർദ്ദേശങ്ങൾ എല്ലാവരും മുന്നോട്ടുവച്ചിരിക്കുകയാണ്. മൂന്ന് വയസ് മുതൽ ആറ് വയസ് വരെയുള്ള പ്രായം കുട്ടികളുടെ ബുദ്ധിവികാസത്തിന്റെ സുപ്രധാന കാലയളവാണ്. ഈ കാലഘട്ടത്തിൽ ഏതൊരു വ്യക്തിയുടെയും മസ്തിഷ്ക വളർച്ച പൂർണ്ണതയിലെത്തുമെന്നതിനാൽ മികച്ച അനുഭവം കുട്ടിക്ക് പ്രദാനം ചെയ്യാനാകുമെന്നാണ് വിദ്യാഭ്യാസ രംഗത്തെയും ആരോഗ്യരംഗത്തെയും വിദഗ്ദ്ധരായ ആളുകൾ പ്രസ്താവിക്കുന്നത്. പ്രീപ്രൈമറി ഘട്ടമായതിനാൽ നിർണ്ണായകമായും ശാസ്ത്രീയമായും അത് നടത്തുന്നതിന് സംവിധാനമുണ്ടാക്കണം. പ്രീപ്രൈമറി വിദ്യാഭ്യാസം നേടുന്ന കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം നൽകാൻ കഴിയണമെങ്കിൽ യോഗ്യതയുള്ള, സംതൃപ്തരായ ജീവനക്കാരുടെ സേവനം ഈ മേഖലയിൽ

അത്യന്താപേക്ഷിതമാണ്. അത്തരം പ്രീപ്രൈമറി അദ്ധ്യാപകരുടെ ലഭ്യത പ്രധാനപ്പെട്ട കാര്യമാണ്. ആയതിനാൽ ഈ മേഖലയിലെ ജീവനക്കാർക്ക് മാന്യമായ വേതനം നൽകണം. ആ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അവരുടെ നിയമനങ്ങളിൽ അംഗീകാരം നൽകുന്ന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായി ഞാൻ രേഖപ്പെടുത്തുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട മുൻമന്ത്രി ഇ. ചന്ദ്രശേഖരൻ ഉന്നയിച്ച പ്രശ്നം, പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഏറ്റവും പ്രാധാന്യം നൽകേണ്ട പ്രീപ്രൈമറി വിദ്യാഭ്യാസം അതീവ ഗൗരവമുള്ള വിഷയം തന്നെയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വളരെ പ്രാധാന്യം കൊടുത്തുകൊണ്ടാണ് പ്രീപ്രൈമറി ടീച്ചർമാരെ സംരക്ഷിക്കാനും പാരന്റ് ടീച്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ഓരോ വിദ്യാലയങ്ങളിലുമുള്ള പ്രീപ്രൈമറി സ്ഥാപനങ്ങൾക്കാവശ്യമായ സംരക്ഷണം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പ്രീപ്രൈമറി ആരംഭിക്കുന്ന അവസരത്തിൽ ടീച്ചർമാരുടെ

വേതനം തുച്ഛമായിരുന്നു. കുട്ടികളിൽനിന്നും പിരിച്ചെടുക്കുന്ന തുച്ഛമായ കാശിൽനിന്നാണ് ടീച്ചറും ആയയും അവരുടെ വേതനം വീതിച്ചെടുക്കുന്നത്. ചിലപ്പോൾ വേതനം ലഭിക്കാത്ത സാഹചര്യവുമുണ്ട്. കാരണം വളരെ പാവപ്പെട്ട, സാധാരണക്കാരന്റെ വീട്ടിലെ കുട്ടികളാണ് കോൺവെന്റ് സ്കൂളിലെ പ്രീപ്രൈമറി വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്നതിനുവേണ്ടി വരുന്നത്. ഇത് മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഇക്കാര്യത്തിൽ സർക്കാർ ഇടപെടാൻ തീരുമാനിച്ചത്. 06.02.1988-ലെ സർക്കാർ ഉത്തരവുപ്രകാരമാണ് സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നേതൃത്വത്തിൽ പ്രീപ്രൈമറി സ്കൂളുകളാരംഭിക്കാൻ അനുമതി നൽകിയത്. പ്രസ്തുത ജീവനക്കാർക്ക് പി.ടി.എ. നൽകിവരുന്ന വേതനത്തിന് പുറമെ അദ്ധ്യാപകർക്ക് പ്രതിമാസം 300 രൂപയും ആയമാർക്ക് 200 രൂപയും ഓണറേറിയമായി സർക്കാർ നൽകിയിരുന്നു. തുടർന്ന് പ്രസ്തുത ഓണറേറിയം യഥാക്രമം 600 രൂപയായും 400 രൂപയായും വർദ്ധിപ്പിച്ചിരുന്നു. എന്നാൽ കേരളാ പ്രീപ്രൈമറി ടീച്ചേഴ്സ് ആൻഡ് ആയാസ് അസോസിയേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു. ആ കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ

സ്കൂളുകളോടനുബന്ധിച്ചുള്ള പി. ടി. എ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന നിശ്ചിത യോഗ്യത നേടിയ പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും 07.12.2012-ലെ സർക്കാർ ഉത്തരവ് പ്രകാരം 01.08.2019 മുതൽ യഥാക്രമം അയ്യായിരം രൂപയും മൂവായിരത്തി അഞ്ഞൂറ് രൂപയും ഓണറേറിയമായി അനുവദിക്കുകയുണ്ടായി. 07.12.2012- നുശേഷം സർക്കാർ അനുമതിയില്ലാതെ പ്രീപ്രൈമറികൾ ആരംഭിക്കാൻ പാടില്ലായെന്നും ഗവൺമെന്റ് ഈ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. 25.04.2018-ലെ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി ക്ലാസുകളിലെ നിർദ്ദിഷ്ട യോഗ്യത നേടാത്തതും 01.08.2012-ൽ ഒരു വർഷത്തെ സർവ്വീസെങ്കിലും പൂർത്തിയാക്കിയതുമായ എല്ലാ പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും 01.08.2012 മുതൽ യഥാക്രമം 5000 രൂപയും 3500 രൂപയും ഓണറേറിയമായി അനുവദിച്ചു. ഈ ഉത്തരവുകൾ പ്രകാരം സർക്കാർ സ്കൂളിനോടനുബന്ധിച്ച് പി.ടി.എ.- യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന അംഗീകൃത യോഗ്യതയുള്ളതും ഇല്ലാത്തതുമായ എല്ലാ പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ടി വേതനം നൽകിവരുന്നു.

പ്രസ്തുത വേതനം ക്രമാനുസൃതമായി വർദ്ധിപ്പിച്ച്, ഇന്നിപ്പോൾ പത്ത് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള പ്രീപ്രൈമറി അദ്ധ്യാപകർക്ക് 12500 രൂപയും പത്ത് വർഷത്തിൽക്കൂടുതൽ സർവ്വീസുള്ള ആയമാർക്ക് 7500 രൂപയും ലഭിക്കുകയാണ്. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീപ്രൈമറിയിലെ അദ്ധ്യാപകരുടെയും ആയമാരുടെയും നിലവിലെ വേതന വിവരങ്ങൾ ചുവടെ ചേർക്കുകയാണ്.

പത്ത് വർഷത്തിൽ താഴെ സേവനമുള്ള അദ്ധ്യാപകർക്ക് 12000 രൂപ; പത്ത് വർഷത്തിൽ മുകളിൽ സേവനമുള്ള അദ്ധ്യാപകർക്ക് 12500 രൂപ. പത്ത് വർഷത്തിൽ താഴെ സേവനമുള്ള ആയമാർക്ക് 7000 രൂപ; പത്ത് വർഷത്തിൽ മുകളിൽ സേവനമുള്ള ആയമാർക്ക് 7500 രൂപ. ഈ സൂചിപ്പിച്ച പ്രകാരം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രീപ്രൈമറികൾ പ്രവർത്തിച്ചുവരികയാണ്. സർക്കാർ അംഗീകരിച്ച പ്രീപ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും മേൽപ്രകാരം വേതനം വർദ്ധിപ്പിച്ച് നൽകിവരുന്നുണ്ട്. 07.12.2012-നുശേഷം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പ്രീപ്രൈമറികൾ ആരംഭിക്കരുതെന്ന് നിർദ്ദേശം

നൽകിയിട്ടുണ്ട്. 07.12.2012-നുശേഷം ആരംഭിച്ച പ്രീപ്രൈമറി വിഭാഗം അദ്ധ്യാപകരുടെയും ആയമാരുടെയും നിയമനം അംഗീകരിക്കുന്നത് സംബന്ധിച്ചും അംഗീകാരം ലഭിച്ച ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ചുമുള്ള വിഷയം വിശദമായി പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ വളരെ ഗൗരവത്തോടെതന്നെ ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വിദേശരാജ്യങ്ങളിലുൾപ്പെടെ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് ഏറെ പ്രാധാന്യമാണ് നൽകുന്നതെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുകൊണ്ടുതന്നെയാണ് നമ്മുടെ സംസ്ഥാനത്തും പ്രീപ്രൈമറി വിദ്യാഭ്യാസം ആരംഭിക്കുന്നതിനുവേണ്ടി തീരുമാനിച്ചതും 2012-വരെയുള്ളവ അംഗീകരിച്ചതും. നമ്മുടെ മുമ്പിലുള്ള പ്രധാനപ്രശ്നം, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച അവസാന ബഡ്ജറ്റിൽ 2012-നുശേഷം ആരംഭിച്ച പ്രീപ്രൈമറി സ്കൂളുകളെ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സ്വാഭാവികമായും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഏറ്റവും വലിയ കാര്യമായിരിക്കും. അത് നടപ്പാക്കാനുള്ള നടപടിയുമായി

മുന്നോട്ടുപോകുമെന്ന് വിശ്വസിക്കാമല്ലോ;

ശ്രീ. വി. ശിവൻകുട്ടി: സർ, ഈ ഗവൺമെന്റ് അതുസംബന്ധിച്ച് ആലോചിച്ചിട്ടില്ല. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ പ്രീപ്രൈമറി വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം കൊടുക്കേണ്ടതായിട്ടുണ്ട്. ഞാൻ ഇവിടെ ജീവനക്കാരുടെ വേതനത്തെക്കുറിച്ച് സൂചിപ്പിച്ചു. 500, 750 രൂപയിൽ നിന്നാണ് ഇപ്പോൾ 12500, 7500 രൂപ വരെ എത്തിച്ചേർന്നിട്ടുള്ളത്. പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി വരുന്ന സാധാരണക്കാരന്റെ കുട്ടികളിൽനിന്നും പത്തും ഇരുപത്തഞ്ചും രൂപ പിരിച്ചാണല്ലോ ഇവർക്ക് വേതനം കൊടുത്തിരുന്നത്. ഇവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകരിൽ പലരും നിർദ്ദിഷ്ട യോഗ്യതയില്ലാത്തവരാണ്. അതുകൊണ്ടാണ് ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഗവൺമെന്റിന്റെ അനുവാദമില്ലാതെ പ്രീപ്രൈമറി ക്ലാസുകൾ ആരംഭിക്കാൻ പാടില്ലെന്ന് പറഞ്ഞിട്ടുള്ളത്. എന്തായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളടക്കം പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി പ്രീപ്രൈമറി വിദ്യാഭ്യാസം ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്. അതിന് പ്രത്യേകം ഒരു പദ്ധതി തന്നെ തയ്യാറാക്കാം. ആ അവസരത്തിൽ അങ്ങ് പറഞ്ഞ കാര്യം കൂടി

നമുക്ക് പരിഗണിക്കാവുന്നതാണ്.

2. അലൈഡ് ഹെൽത്ത് കോഴ്സുകൾക്ക് തുല്യതാ സർട്ടിഫിക്കറ്റ്

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കേരളത്തിനുപുറത്ത് പഠിച്ച് നാട്ടിൽ തിരിച്ചെത്തിയ അലൈഡ് ഹെൽത്ത് കോഴ്സുകളിൽ ബിരുദവും ബിരുദാനന്തര ബിരുദവും നേടി പി.എസ്.സി. വഴി ജോലി നേടാനും ഗൾഫിൽ പോകാനും കഴിയാത്ത ആയിരത്തിലധികം വിദ്യാർത്ഥികളുടെയും ഉദ്യോഗാർത്ഥികളുടെയും രക്ഷിതാക്കളുടെയും സങ്കടമാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. പ്രസ്തുത കോഴ്സുകൾ പൂർത്തിയാക്കിയ കേരളീയരായ വിദ്യാർത്ഥികൾക്ക് സർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നതിനും കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനും കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. സംസ്ഥാനത്തിന് പുറത്ത് യു.ജി.സി. അംഗീകൃത ആരോഗ്യ സർവ്വകലാശാലകളിൽനിന്നും ബി.എസ്.സി. മെഡിക്കൽ ലബോറട്ടറി ടെക്നോളജി, ഇമേജിംഗ് ടെക്നോളജി, റേഡിയോ തെറാപ്പി, ഡയാലിസിസ് ടെക്നോളജി, അനസ്തേഷ്യ ആന്റ് ഓപ്പറേഷൻ തിയേറ്റർ ടെക്നോളജി, പെർഫ്യൂഷൻ ടെക്നോളജി തുടങ്ങിയ കോഴ്സുകൾ പഠിച്ചിറങ്ങിയ

ആയിരക്കണക്കിന് ആരോഗ്യപ്രവർത്തകർക്ക് തൊഴിലവസരങ്ങൾ നിഷേധിക്കപ്പെടുകയാണ്. യു.ജി.സി. അംഗീകാരമുള്ള AIMS-Delhi, JIPMER-Pondicherry, Rajiv Gandhi University, Manipal University-Mangalapuram, NITTE University, Yenepoya University, Mysore University, JSS University തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നാണ് ഇവർ ബിരുദവും ബിരുദാനന്തര ബിരുദവും കരസ്ഥമാക്കിയിട്ടുള്ളത്. National Assessment and Accreditation Council (NAAC), National Architectural Accrediting Board (NAAB), National Accreditation Board for Testing and Calibration Laboratories (NABL), Joint Commission International (JCI) തുടങ്ങിയ ദേശീയ അംഗീകാരമുള്ള ഈ സ്ഥാപനങ്ങളിൽനിന്നും പഠനം പൂർത്തീകരിച്ച ഇവർക്ക് കേരളത്തിൽ ജോലിചെയ്യാനോ തുടർപഠനം നടത്താനോ കഴിയുന്നില്ല. മാത്രമല്ല കഴിഞ്ഞ ആറുമാസമായി വിദേശരാജ്യങ്ങളിൽ തൊഴിലവസരങ്ങൾ നഷ്ടമാകുന്ന അവസ്ഥയിലാണ് ഇവരുള്ളത്. കേരളത്തിലും വിദേശത്തും ജോലിക്ക് അപേക്ഷിക്കുമ്പോൾ യോഗ്യതാ സർട്ടിഫിക്കറ്റിന്റെകൂടെ ആരോഗ്യവകുപ്പിന്റെ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ

സർട്ടിഫിക്കറ്റുകളും ആവശ്യമാണ്. എന്നാൽ അന്യസംസ്ഥാനങ്ങളിൽനിന്ന് പഠനം പൂർത്തിയാക്കിയവർക്ക് പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നില്ല. കൂടാതെ കേരള ആരോഗ്യ സർവ്വകലാശാല ഈ കോഴ്സുകൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകാത്ത സ്ഥിതിയാണ്. പ്രസ്തുത കോഴ്സുകൾ പഠിച്ച നിരവധി ഉദ്യോഗാർത്ഥികൾ വളരെ പ്രയാസത്തിലാണ്. കേരളത്തിന്റെ അതിർത്തിയായ മഞ്ചേശ്വരത്തിന്റെ തൊട്ടടുത്താണ് ഏഷ്യയിലെ തന്നെ ഏറ്റവും വലിയ വിദ്യാഭ്യാസ ഹബ്ബായ മംഗലാപുരം. എസ്.എസ്.എൽ.സി. റിസൽട്ട് വന്നപ്പോൾ എന്റെ മേഖലയിലുള്ള 5000-ത്തിലധികം കുട്ടികൾക്ക് പ്ലസ് വൺ-ന് സീറ്റില്ലാത്തൊരു അവസ്ഥയാണ്. കുട്ടികൾ ലോണെടുത്ത് മംഗലാപുരത്തും മൈസൂരും ബാംഗ്ലൂരിലും പോണ്ടിച്ചേരിയിലും തമിഴ്നാട്ടിലുമൊക്കെ പോയി അവിടത്തെ ആഹാരരീതികളോട്ടും കാലാവസ്ഥയോടും പ്രയാസപ്പെട്ട് പടപൊരുതി ഈ മേഖലയിൽ വിദ്യാഭ്യാസം പൂർത്തിയാക്കി നാട്ടിലേയ്ക്ക് തിരിച്ചുവരുന്നു. എന്നാൽ സ്വന്തം നാട്ടിൽ ഒരു ഹോസ്പിറ്റലിൽ ജോലിചെയ്യുകയെന്നുള്ളത് ഒരു പക്ഷേ അവരുടെ കുട്ടിക്കാലം മുതലുള്ള സ്വപ്നമായിരിക്കാം. ഇവർ പഠനം പൂർത്തിയാക്കി നാട്ടിലേയ്ക്ക് തിരിച്ചുവന്ന് പി.എസ്.സി. പരീക്ഷ എഴുതി റാങ്ക്

പട്ടികയിൽ ഉൾപ്പെട്ട് ഇന്റർവ്യൂവിന് എത്തുന്ന ഘട്ടത്തിലാണ് അവരോടുപറയുന്നത് നിങ്ങൾ പഠിച്ച ഈ യൂണിവേഴ്സിറ്റികളുടെ സർട്ടിഫിക്കറ്റുകൾ കേരളത്തിലെ ആരോഗ്യ യൂണിവേഴ്സിറ്റി അംഗീകരിക്കുന്നില്ലെന്നും കേരളത്തിലെ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാൻ കഴിയുന്നില്ലെന്നുമുള്ള കാര്യം. ഇവിടെ മനസ്സിലാക്കേണ്ട ഒരുകാര്യം, ഈ കുട്ടികൾ ഏറ്റവും മികച്ച ക്യാംപസിൽനിന്ന് ബിരുദവും ബിരുദാനന്തര ബിരുദവും കഴിഞ്ഞ് ഐ.എ.എസ്. നേടി ഒരു ജില്ലയുടെ കളക്ടറായി ഇവർക്ക് വരാൻ കഴിയുന്നു. ആ ജില്ലയുടെ പോലീസ് ചീഫ് ആയി വരാൻ കഴിയുന്നു. ആ കുട്ടികൾക്കാണ് നമ്മുടെ സംസ്ഥാനത്ത് ഏറ്റവും വലിയ വിവേചനപരമായ അവസ്ഥ നേരിടുന്നത്. അതോടൊപ്പം ഒരു പക്ഷേ ഇന്ന് കേരളം ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് പ്രവാസ ലോകത്തെയാണ്. ഈ കുട്ടികൾ കഴിഞ്ഞ ആറുമാസമായി ഗൾഫിൽ ഏറ്റവും നല്ല ശമ്പളം കിട്ടുന്ന മേഖലയിലേയ്ക്ക് കടന്നുപോകുമ്പോൾ അവർക്ക് നമ്മുടെ സ്റ്റേറ്റിലെ ആരോഗ്യ യൂണിവേഴ്സിറ്റിയുടെ തുല്യതാ സർട്ടിഫിക്കറ്റ് ഇല്ലാത്തതിന്റെ പേരിൽ/ പാരാമെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ ഇല്ലാത്തതിന്റെ പേരിൽ

ഗൾഫിൽ പോകാൻ കഴിയാത്തൊരു അവസ്ഥയാണുള്ളത്. ഈ കുട്ടികളുടെ സർട്ടിഫിക്കറ്റിന് കടലാസിനുപോലും വിലയില്ലാത്തൊരു അവസ്ഥയിലേയ്ക്ക് എത്തിചേർന്നിട്ടുണ്ട്. തീർച്ചയായും ഈ പ്രയാസം ദൂരീകരിക്കണമെന്നൊരു അപേക്ഷയാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും മുമ്പിൽ അവതരിപ്പിക്കുന്നത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പ്രധാനപ്പെട്ടൊരു വിഷയത്തിലാണ് ശ്രദ്ധക്ഷണിച്ചിരിക്കുന്നത്. ഗവൺമെന്റ് ഉത്തരവ് നമ്പർ 1504/2008 പ്രകാരം കേരളത്തിന്റെ വിവിധ സർക്കാർ മെഡിക്കൽ കോളേജിൽനിന്നും സംസ്ഥാനത്തെ മറ്റ് അംഗീകൃത സ്ഥാപനത്തിൽനിന്നും പാരാമെഡിക്കൽ ഡിപ്ലോമ, ബിരുദ ബിരുദാനന്തര കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്. കേരളത്തിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ ഉന്നതനിലവാരം പുലർത്തുന്നതിനാൽ കേരള പാരാമെഡിക്കൽ കൗൺസിലിൽനിന്നും രജിസ്ട്രേഷൻ ലഭിക്കുന്നവർക്ക് മറ്റുസംസ്ഥാനങ്ങളിലും വിദേശത്തും

ഉയർന്ന പരിഗണനയും ലഭിക്കാറുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും പഠനം പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ നൽകുന്ന സ്ഥാപനങ്ങളുടെ വിശ്വസ്തതയും അതുപോലെ നിലവാരവും പരിശോധിക്കുന്നതിന് സംവിധാനങ്ങളൊന്നും തന്നെ നിലവിലുണ്ടായിരുന്നില്ല. ആരോഗ്യപരിപാലനവും രോഗിപരിചരണവുമായി ബന്ധപ്പെട്ട കോഴ്സുകളായതിനാൽ ഇവയുടെ പഠനനിലവാരം കൃത്യമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇതിന് വിപുലമായ സംവിധാനങ്ങൾ ആവശ്യമാണ്. നിലവിൽ കേരളത്തിൽ നടത്തപ്പെടുന്ന പാരാമെഡിക്കൽ കോഴ്സുകൾ ഡിപ്ലോമ കോഴ്സുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നതിനും മേൽനോട്ടത്തിനും നിർദേശങ്ങൾ നൽകുന്നതിനും ഒരു ഹൈപവർ കമ്മിറ്റി 3-4-2021-ൽ ഗവൺമെന്റ് ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽനിന്ന് പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കി വരുന്ന ധാരാളം കുട്ടികൾ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭിക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിക്കാറുണ്ട്. ഇത്തരത്തിൽ രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ മികച്ച രീതിയിൽ പഠിച്ച് പാസായിവരുന്ന വിദ്യാർത്ഥികൾക്ക്

പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ സംവിധാനം ഒരുക്കുന്നതുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുന്നതിന് സംസ്ഥാനസർക്കാർ നടപടികൾ സ്വീകരിച്ചുവരികയായിരുന്നു. എന്നാൽ ഈ ഘട്ടത്തിൽ കേന്ദ്രം ഇതിനായി ഒരു നിയമനിർമ്മാണം നടത്തുന്നതിന്റെ കരട് രൂപപ്പെടുത്തുകയും ആരോഗ്യ പരിപാലന രംഗത്തെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ കൃത്യതയും ഗുണനിലവാരവും വിലയിരുത്തുന്നതിനുമായി നാഷണൽ കമ്മിഷൻ ഫോർ അലൈഡ് ആന്റ് ഹെൽത്ത് കെയർ പ്രൊഫഷണൽ ആക്ട് 2021 എന്നപേരിൽ 28-3-2021-ൽ ഒരുനിയമം പാസാക്കിയിട്ടുണ്ട്. ഈ നിയമം രാജ്യത്ത് നിലവിൽ വന്നു. പ്രസ്തുത ആക്ടിന്റെ വ്യവസ്ഥ പാലിച്ചുകൊണ്ട് സംസ്ഥാനത്ത് പാരാമെഡിക്കൽ കൗൺസിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ നമ്മൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര നിയമപ്രകാരം സംസ്ഥാന തലത്തിൽ സ്റ്റേറ്റ് അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ നിലവിൽ വരുന്ന മുറയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷനിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും

സംസ്ഥാനങ്ങളിലെ പാരാമെഡിക്കൽ കൗൺസിൽ അഥവാ യൂണിവേഴ്സിറ്റികളുമായി ബന്ധപ്പെട്ട് കോഴ്സുകളുടെ നിലവാരവും വിദ്യാർത്ഥികളുടെ യോഗ്യതയും പരിശോധിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും യോഗ്യരായവർക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനും സാധിക്കും. ഇത്തരത്തിൽ ആക്ട് പ്രകാരമുള്ള പാരാമെഡിക്കൽ കൗൺസിൽ രൂപീകരിച്ച് രണ്ടുമാസത്തിനുള്ളിൽതന്നെ രജിസ്ട്രേഷൻ നടപടികൾ ആരംഭിക്കുന്നതാണ്. 8-5-2015-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം നിശ്ചയിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല അലൈഡ് ഹെൽത്ത് ഡിഗ്രി കോഴ്സുകളടക്കം വിവിധ ഡിഗ്രി കോഴ്സുകൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകി വരുന്നത്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന അലൈഡ് ഹെൽത്ത് കോഴ്സുകൾക്ക് പരിശോധനയ്ക്ക് ശേഷം സർവ്വകലാശാല തുല്യതാ സർട്ടിഫിക്കറ്റ് നൽകിവരുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ചൈനയിൽനിന്നും എം.ബി.ബി.എസ്. കഴിഞ്ഞ് മടങ്ങിവരുന്നവർക്കുവരെ ഒരു പ്രത്യേക അഭിമുഖം/പരീക്ഷ നടത്തി അവർക്ക് അംഗീകാരം നൽകുന്നുണ്ട്. നേരത്തേ

സൂചിപ്പിച്ചതുപോലെ പ്രവാസലോകത്ത് കോവിഡുമായി ബന്ധപ്പെട്ട് വലിയ തൊഴിൽക്ഷാമം നേരിടുന്നുണ്ട്. അതിനാൽ അവർക്കും ആ രീതിയിലുള്ള ഒരു അഭിമുഖമോ അല്ലെങ്കിൽ പരീക്ഷയോ നടത്തിക്കൂടെ? അതുപോലെ കാസർഗോഡ് ജില്ലയിലെ ആരോഗ്യമേഖലയുടെ അവസ്ഥ എല്ലാവർക്കുമറിയാം, 22 ജീവനുകൾ നഷ്ടപ്പെട്ട കോവിഡിന്റെ കാലഘട്ടവുമറിയാം. ഇപ്പോൾ 46 തസ്തികകളിലേയ്ക്ക് താൽക്കാലിക നിയമനം നടത്താൻ എൻ.എച്ച്.എം. അവിടെ ഇന്റർവ്യൂ വച്ചിട്ടുണ്ട്. മംഗലാപുരത്ത് പഠിച്ച, പി.ജി.കഴിഞ്ഞ എന്റെ ജില്ലയിലെ ധാരാളം കുട്ടികൾ ആ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ക്യൂ നിൽക്കുന്നുണ്ട്. ഈ ഇന്റർവ്യൂവിലൂടെ അവർക്ക് ഒരിക്കലും ജോലിയിൽ കയറാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ, രണ്ടു മാസത്തിനകം പ്രശ്നം പരിഹരിക്കപ്പെടുമെന്ന ശുഭാപ്തി വിശ്വാസത്തിലാണവർ. താൽക്കാലികമായി അവർക്ക് ആ ജോലിയിൽ കയറാൻ ഒരു ഇളവ് അനുവദിക്കാമോ?

<u>ശ്രീമതി വീണ ജോർജ്ജ്</u>: സർ, ഞാൻ നേരത്തെ ഉത്തരത്തിൽ സൂചിപ്പിച്ചതുപോലെ, ഇതിനായി സംസ്ഥാന സർക്കാർ ഒരു നിയമം നിർമ്മിക്കുന്നതിനാണ് ശ്രമിച്ചത്. കേന്ദ്രം ഒരു നിയമനിർമ്മാണം

ആലോചിച്ചതുകൊണ്ട് അത് നിർത്തി വയ്ക്കുകയാണുണ്ടായത്. മാർച്ച് മാസത്തിൽ കേന്ദ്രം നിയമം പാസാക്കിയിട്ടുണ്ട്. കേന്ദ്രനിയമത്തിൽ അധിഷ്ഠിതമായ സ്റ്റാറ്റ്യൂട്ടറിയായിട്ടുള്ള പുതിയ കൗൺസിൽ സെപ്തംബർ മാസത്തോടുകൂടി നിലവിൽവരും. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ആയിരത്തോളം വിദ്യാർത്ഥികളുണ്ട്. അവരുടെ രജിസ്ട്രേഷൻ നടപടികൾ സമയബന്ധിതമായി എത്രയുംവേഗം നടപ്പിലാക്കാം.